# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

10.07.2014 ലെ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 6946

## സാമൂഹിക ടൂറിസം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | സാമൂഹിക ടൂറിസത്തിന് പ്രചാരണം നൽകുന്നതിന് പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ) | ഉണ്ട്. സാമൂഹിക ടൂറിസത്തിന്റെ പ്രചാരണാർത്ഥം ടൂറിസം സീസണിൽ 'ഉത്സവം' എന്ന പരിപാടി കഴിഞ്ഞ ആറ് വർഷങ്ങളായി സംഘടിപ്പിച്ചു-വരുന്നുണ്ട്. |
| ബി) | ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി | അന്യംനിന്നുപോകുന്നതും അവഗണിക്കപ്പെടു-ന്നതുമായ തനതു കലകളുടെ സംരക്ഷണവും പ്രചാരണവുമാണ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. |
| സി) | ടൂറിസം വികസനത്തിന് ഇത് എങ്ങനെ പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ; | സി) | 'ഉത്സവം' പരിപാടി എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നതിനാൽ വിനോദസഞ്ചാരി കൾക്ക് നമ്മുടെ തനത് അനുഷ്ഠാന കലകളെ അടുത്തറിയാനും കലാകാരന്മാരെ പരിചയപ്പെ-ടാനും കേരളത്തിന്റെ കലാസാംസ്കാരിക പാരമ്പര്യം മനസ്സിലാക്കുവാനും സാധിക്കുന്നു. ടൂറിസം സാധ്യതകളുടെ വികസനത്തിന് ഇത് ഏറെ സഹായകരമാകുന്നു. |
| ഡി) | ഇത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | ഡി) | ഈ പരിപാടികളുടെ സംഘാടനത്തിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ആകർഷകമായ വേദികൾ തെരഞ്ഞെടുത്ത് പരമ്പരാഗത, നാടോടി അനുഷ്ഠാനകലകൾ അതാതു മേഖലകളിലെ പ്രഗത്ഭരെ ഉൾപ്പെടുത്തി അവതരിപ്പിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. കേരളാ ഫോക്‌ലോർ അക്കാദമിയുമായി സഹകരിച്ച് ഉത്സവത്തിലേയ്ക്ക് കലാരൂപങ്ങ-ളേയും കലാകാരന്മാരേയും തെരഞ്ഞെടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ